**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1171** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ പൊതുമരാത്ത് വകുപ്പ് റോഡ്സ്, ബിൽഡിംഗ് , ബ്രിഡ്ജസ് , കെ.ആർ.എഫ്.ബി. എന്നിവ മുഖേന നടത്തുന്ന വിവിധ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; | (എ) | **നിരത്തുകൾ**<br><br>അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>**കെട്ടിട വിഭാഗം**<br><br>അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>**പാലങ്ങൾ**<br><br>(1) <u>മുതലക്കുറിച്ചിക്കൽ പാലം</u> (Balance work). പൂർത്തീകരിക്കാനുള്ള രണ്ടു സ്പാനുകളിൽ ഒരു സ്ലാബിന്റെ കോൺക്രീറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചു. പ്രവൃത്തി പുരോഗമിച്ചു വരുന്നു.<br><br>(2) <u>കുള്ളിക്കാട് കനകക്കുന്ന് സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി</u> - ടോട്ടൽ സ്റ്റേഷൻ സർവ്വേ പ്രവർത്തികൾ പൂർത്തീകരിച്ചു. മണ്ണ് പരിശോധന പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്.<br><br>(3) ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പാലങ്ങളുടെ മെയിൻറനൻസ് പ്രവൃത്തി-50% പ്രവർത്തികൾ പൂർത്തീകരിച്ചു.<br><br>**ആർ.ബി.ഡി.സി.കെ.**<br><br>നങ്ങ്യാർകുളങ്ങര ആർ.ഒ.ബി. നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 19.04.2018 ലെ GO (Rt) No. 718/2018/PWD സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകു കയും, ആർ.ബി.ഡി.സി.കെ-യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. വിശദ മായ പഠനങ്ങൾക്കുശേഷം തയ്യാറാക്കിയ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുകയും, കിഫ്ബി ഉത്തരവ് നമ്പർ PWD 011-02/APR-4/2019 dated 28.06.2019 പ്രകാരം 37.28 കോടി രൂപയ്ക്ക് അംഗീകാരം ലഭ്യമാക്കുകയും ചെയ്തു. തുടർന്ന് |

11.07.2022 ന് റെയിൽവേ GADക്ക് അംഗീകാരം നൽകുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ട ത്തിലാണ്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് കിഫ്ബിയിൽ നിന്ന് ലഭ്യമാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

**കെ.ആർ.എഫ്.ബി.-പി.എം.യു**

കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെ. ആർ.എഫ്. ബി - പി. എം. യു. നിർവഹണ ഏജൻസി ആയിട്ടുള്ള ഹരിപ്പാട് നിയോജയക മണ്ഡലത്തിലെ പ്രവർത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

1. പള്ളിപ്പാട് കൊട്ടുംന്താർ മേൽപ്പാടം പാലം - പ്രസ്തുത പ്രവൃത്തിക്കായി 10/07/2017 തീയതിയിലെ G.O (Rt) No. 942 /2017 /PWD പ്രകാരം 30 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകി. തുടർന്ന് ടി പദ്ധതിക്കായി 70.71 കോടി രൂപയുടെ ഡി. പി. ആർ 01/02/2024 ന് കിഫ്ബിയിൽ സമർപ്പിക്കുകയും 13/03/2024 തീയതിയിലെ Order No.PWD016-29/PE-19-PAD/2024/KIIFB പ്രകാരം ഭൂമിയേറ്റെടുക്കൽ പ്രവർത്തികൾക്ക് മാത്രമായി 1.39 കോടി(ഒരു നൂറ്റി മുപ്പത്തിയൊൻപത് ലക്ഷം രൂപ) രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ സ്ഥലം ഏറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. 23/12/2024 തീയതിയിൽ ഈ പാലം പ്രവർത്തിക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും അനുമതി ലഭിക്കുകയും ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി അതിർത്തിക്കല്ലുകൾ ഇടുന്ന പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

2. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള തീരദേശ ഹൈവേയുടെ നിർമ്മാണത്തിനായി 10/01/2017 തീയതിയിലെ G.O.(Rt)No.942/2017/PWD ഉത്തരവ് പ്രകാരം 6500 കോടി(ആറായിരത്തി അഞ്ഞൂറ് കോടി രൂപ) രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകി. ഇതിൽ ആലപ്പുഴ ജില്ലയിലെ തീരദേശ ഹൈവേയുടെ 1-ാം മത്തെ റീച്ചായ വലിയഴീക്കൽ മുതൽ തോട്ടപ്പള്ളി വരെയുള്ള ഭാഗം ഹരിപ്പാട് നിയോജക മണ്ഡലത്തിൽവരുന്നതാണ്. ഈ ഭാഗത്തെ ഭൂമി ഏറ്റെടുക്കുന്നതിന് 20/08/2022 തീയതിയിലെ PWD014-31/APR-4/2022/KIIFB ഉത്തരവ് പ്രകാരം 142.57 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചു. തുടർന്ന് 22/11/2023 ൽ 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടും ഉള്ളതാണ്. പ്രസ്തുത പ്രവൃത്തിയുടെ

| | | | |
|---|---|---|---|
| | | | സാമൂഹിക ആഘാത പഠനം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| (ബി) | ഹരിപ്പാട് താലൂക്ക് ആശുപത്രിയിലെ പുതിയ ഡയാലിസിസ് ബ്ലോക്കിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ; ഇതിന്റെ നിർവ്വഹണത്തിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | ഹരിപ്പാട് താലൂക്ക് ആശുപത്രിയിലെ പുതിയ ഡയാലിസിസ് ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി MC2/18231/2022/DHS തീയതി 10/11/2022 പ്രകാരം 3.90 കോടിയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിലെ 155.65 ലക്ഷം രൂപ 10/11/2022 ലും 60 ലക്ഷം രൂപ 24/02/2024 ലും PWD Head ലേക്ക് Deposit ചെയ്തു.ആകെ 2.15 കോടി രൂപയാണ് നാളിതുവരെ നിക്ഷേപിച്ചിട്ടുള്ളത്. നിലവിലുള്ള കെട്ടിടത്തിന്റെ മുകളിലുള്ള നിർമ്മാണമായതിനാൽ Fire NOC ലഭ്യമാക്കുന്നതിനുവേണ്ടി ആർക്കിടെക്ചറൽ ഡ്രോയിംഗ്, സ്ട്രക്ചറൽ ഡ്രോയിംഗ് തുടങ്ങിയവ തയ്യാറാക്കേണ്ടി വരുകയും ചെയ്തു. അതിൻ പ്രകാരം Deposit തുകയായ 2.15 കോടി രൂപയ്ക്ക് നിജപ്പെടുത്തിക്കൊണ്ട് ഒന്നാം നിലയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയത് സാങ്കേതികാനുമതി നൽകുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ചു വരുകയും ചെയ്യുന്നു. |
| (സി) | ഹരിപ്പാട് മണ്ഡലത്തിൽ ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിനായി എസ്റ്റിമേറ്റ് നിർണ്ണയിച്ചിട്ടുള്ള റോഡുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; ഇതിൽ എത്ര വർക്കുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ? | (സി) | **നിരത്തുകൾ** - ഹരിപ്പാട് മണ്ഡലത്തിലെ “ Sabarimala Festival work 2024-25 - (Upgradation with BM & BC - 1.200 km)- Improvements to Haripad TB Junction - Vellamkulangara road ch 0/000 to 1/200 ’’ എന്ന പ്രവൃത്തി 2024-25 ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി 120 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1 നിരത്തുകൾ

| ക്രമ. നം | പ്രവർത്തിയുടെ പേര് | മണ്ഡലം | തുക(ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | RM 2023-24/RC II/Cluster II/ Phase1 /Oneyear RC/Haripad Section /Alappuzha-RM2023-24-Zone 3-One year Running Contract for various PWD roads under Road Section, Haripad in Alppuzha District -3 road stretches for a length of 24.70Km | ഹരിപ്പാട് | 99.55 | 70% പൂർത്തീകരിച്ചു ബാക്കി പ്രവൃത്തി പുരോഗതിയിലാണ്. |
| 2 | RC II/Phase 1/Zone II-2023-24- One year Running Contract for various PWD roads under Road Section,<br>.Haripad in Alppuzha District for a total length of 22.293 km | ഹരിപ്പാട് | 58.4 | 10% പൂർത്തീകരിച്ചു ബാക്കി പ്രവൃത്തി പുരോഗതിയിലാണ് |
| 3 | SLTF 2020 21-Reconstruction of damaged culvert in Haripad Elenjimel<br>Road near Ch: 4/900(Balance work) | ഹരിപ്പാട് | 50 | പ്രവൃത്തി 97 % പൂർത്തീകരിച്ചു |
| 4 | SR 2022-23 Construction of<br>protection wall from Kanakakkunnu-Kochiyudejetti road ch.2/800 to 2/900 | ഹരിപ്പാട് | 12 | പ്രവൃത്തി 95 % പൂർത്തീകരിച്ചു |

## അനുബന്ധം 2 കെട്ടിട വിഭാഗം

| | | |
|---|---|---|
| 1. | ബഡ്ജറ്റ് പ്രവൃത്തി 2020-2021 – കുമാരപുരം ഗ്രാമപഞ്ചായത്തിലെ പൊത്തപ്പള്ളി ഗവൺമെന്റ് എൽ.പി സ്കൂളിന്റെ നിർമ്മാണം- തുക 1 കോടി | ടി പ്രവർത്തിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. പഴയ കെട്ടിടം ലേലം ചെയ്യുന്നതിനുള്ള നടപടികൾ LSGD ൽ പുരോഗമിയ്ക്കുന്നു. ആയതിനുശേഷം ടെണ്ടർ നടപടി ചെയ്യുന്നതാണ്. |
| 2. | ബഡ്ജറ്റ് പ്രവൃത്തി 2019-20 തൃക്കുന്നപ്പുഴ ഗവൺമെന്റ് എൽ.പി സ്കൂൾ പുതിയ കെട്ടിട നിർമ്മാണം തുക 2 കോടി | സാന്റ് പൈൽ പ്രവൃത്തികൾ പൂർത്തിയായി. പ്രവൃത്തി പുരോഗമിക്കുന്നു. |
| 3. | ഹരിപ്പാട് അഗ്നിരക്ഷാ നിലയം പുതിയ കെട്ടിട നിർമ്മാണം – തുക 5 കോടി | ലാൻഡ് അക്വീസിഷൻ പൂർത്തീകരിച്ചിട്ടില്ല എന്നിരുന്നാലും 5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറായി വരുന്നു. |
| 4. | വാർഷിക പദ്ധതി 2020-21 നങ്ങ്യാർകുളങ്ങര ഗവൺമെന്റ് എൽ.പി സ്കൂൾ പുതിയ കെട്ടിട നിർമ്മാണ തുക 3 കോടി | പ്രവൃത്തി പൂർത്തിയായി |
| 5. | വാർഷിക പദ്ധതി 2019-20 – എരിക്കാവ് ഗവൺമെന്റ് യു.പി സ്കൂൾ പുതിയ കെട്ടിടം നിർമ്മാണം – തുക 1 കോടി | പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 6. | ആയാപറമ്പ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ പുതിയ കെട്ടിട നിർമ്മാണം – തുക 3.90 കോടി | ടെസ്റ്റ് പൈൽ ചെയ്ത് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| 7. | കാർത്തികപ്പള്ളി ഐ.എച്ച്.ആർ.ഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ പ്രധാന കെട്ടിടത്തിന്റെ രണ്ടാം നിലയുടെ നിർമ്മാണം – തുക 1.80 കോടി | മേൽ പ്രവൃത്തിക്ക് സർക്കാർ ഉത്തരവ് G.O (Rt)No. 702/2022 HEDN dated 17/05/2022 പ്രകാരം 1.80 കോടി ഭരണാനുമതി ലഭ്യമായിട്ടുള്ളതാണ്. ടി തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനായി 03-10-22, 19-10-22, 09-06-23, 12-10-23, 26-09-24, 20-01-25 എന്നീ തീയതികളിൽ IHRD – ക്ക് കത്ത് നല്കിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയായും തുക ഡെപ്പോസിറ്റ് ചെയ്തിട്ടില്ല. |
| 8. | വാർഷിക പദ്ധതി 2022-23 – ഹരിപ്പാട് ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ പുതിയ കെട്ടിട നിർമ്മാണം – തുക 1 കോടി | സാന്റ് പൈൽ പ്രവൃത്തികൾ പുരോഗമിക്കുന്നു |
| 9. | ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് | സാങ്കേതികാനുമതിയ്ക്കായുള്ള |

| | | |
|---|---|---|
| | യൂണിറ്റിനായുള്ള മുകൾ നിലകളുടെ നിർമ്മാണം – തുക 3.90 കോടി | എസ്റ്റിമേറ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധനയിലാണ് |
| 10. | പൊതുമരാമത്ത് വകുപ്പ് ഹരിപ്പാട് വിശ്രമകേന്ദ്രത്തിൽ ഓഫീസ് സമുച്ചയത്തിന്റേയും ചുറ്റമതിലിന്റേയും നിർമ്മാണം – തുക 1 കോടി | സ്റ്റെയർ കോൺക്രീറ്റ് പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 11. | എരിക്കാവ് ഗവൺമെന്റ് യു.പി സ്കൂൾ കെട്ടിട നിർമ്മാണം രണ്ടാം ഘട്ടം തുക 85 ലക്ഷം | 28/01/2025 തീയതിയിൽ കരാറിൽ ഏർപ്പെട്ട പ്രവൃത്തി ഉടൻ ആരംഭിക്കും |
| 12. | കാർത്തികപ്പള്ളി വലിയകുളങ്ങര മഹാദേവിക്കാട് കിഴക്ക് കയർ വ്യവസായ സഹകരണ സംഘം നം. 462 - ഗോഡൗണിന്റെ നവീകരണം – തുക 15.95 ലക്ഷം | പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |